<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2011

08.03.2018 ൽ മറുപടിക്ക്

<u>യുവജനങ്ങൾക്കായി സ്റ്റാർട്ട് അപ്പ് വില്ലേജുകൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | യുവജനങ്ങൾക്ക് വ്യവസായ സംരംഭ ങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ വിഭാവനം ചെയ്യുന്ന സ്റ്റാർട്ട് അപ്പ് വില്ലേജുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ സഹായങ്ങ ളാണ് വ്യവസായ വകുപ്പിൽ നിന്നും നൽകുന്നത്; ഇതിനോടകം എത്ര സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്ക വാൻ കഴിഞ്ഞിട്ടുണ്ട്; എത്ര കോടി രൂപയാണ് ഈ മേഖലയിൽ നിക്ഷേപി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | നൂതന ആശയങ്ങളുമായി മുന്നോട്ട് വരുന്ന യുവസംരംഭകർക്ക് ആവശ്യമായ പിൻതുണയും ധനസഹായവും നൽകി സംസ്ഥാനത്തിന്റെ വ്യവാസായിക പുരോഗതിയ്ക്ക് യുവതയുടെ പിൻതുണ ആർജ്ജിക്കുകയാണ് സ്റ്റാർട്ടപ്പ് സംരംഭ ങ്ങളെ പ്രോത്സാഹിപ്പിക്കുക വഴി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. തൊഴിലന്വേഷകരിൽ നിന്ന് സ്വയം തൊഴിൽ ദാതാക്കളായി മാറുന്ന ഒരു നവസംസ്കാരം യുവതലമുറയിലൊട്ടാകെ വളർത്താൻ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട് മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ (സ്റ്റാർട്ടപ്പ് ഇന്ത്യ) ആണ് ഇത്തരം സംരംഭങ്ങൾക്ക് അംഗീകാരം നൽകുന്നത്. യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ കെ എസ് ഐ ഡി സി മുഖാന്തിരം മൂലധനസഹായം നൽകി വരുന്നുണ്ട്. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90% മോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഏതാണോ കുറവ് അത് ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്. കൂടാതെ, വിവര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് |
| (ബി) | യുവജനങ്ങളെ വ്യവസായ സംരംഭങ്ങ ളിലേയ്ക്ക് ആകർഷിക്കുന്നതിന് ഇനിയും എന്തൊക്കെ സംരംഭങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. കെ എസ് ഐ ഡി സി യുടെ സഹായത്താൽ പത്തോളം കോളേജുകളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസം പൂർത്തിയാക്കി സ്വന്തമായ ആശയങ്ങൾ ഉല്പന്നങ്ങളായി പരിവർത്തനം ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശ സെമിനാറുകൾ, ചർച്ചായോഗങ്ങൾ തുടങ്ങിയവ നടത്തുന്നതിനായി കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ മൂന്നു ഇൻകു ബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ കെ എസ് ഐ ഡി സി യുടെ മൂലധനസഹായം സ്വീകരിച്ചിരിക്കുന്ന എഴുപത്തിരണ്ടോളം നൂതന യുവസംരം ഭങ്ങളും ഇൻകുബേറ്റ് ചെയ്തിട്ടുള്ള മുപ്പത്തഞ്ചോളം യുവ സംരംഭങ്ങളും കൂടി അറുന്നൂറിൽ പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും മൂലധന നിക്ഷേപമായി മുപ്പതുകോടിയിലധികം തുക സംസ്ഥാനത്ത് നിക്ഷേപിക്കുകയുമുണ്ടായി.<br>2017-18 , 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ ഏഞ്ചൽ ഫണ്ട് / സീഡ് ഫണ്ട് എന്നീ പദ്ധതികൾക്കായി യഥാക്രമം 10 കോടി രൂപയും 8 കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ കേരള സ്റ്റാർട്ടപ് മിഷന്റെ "യുവസം രംഭകർക്ക് വികസന പദ്ധതി" യ്ക്കായി 70 കോടി രൂപയും "ടെക്നോളജി ഇന്നൊവേഷൻ ഓൺ ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ടി" നായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

Bindu T

**സെക്ഷൻ ഓഫീസർ**